# MARIAN

The Official Monthly Bulletin. November-2011



**Feast of St. Gregorios (Parumala)**
**1st & 2nd Nov- 2011**

St.Mary's Indian Orthodox Cathedral
P.O Box : 834, Manama, Tel : 17252980 Fax : 17276092
Email : stmarys@stmarybahrain.com Website :www.stmarybahrain.com
Kingdom of Bahrain


TO THE GLORY OF GOD, AND
IN LOVING MEMORY OF
THE RIGHT REV: MAR GREGORIUS GEVARGIS
METROPOLITAN OF THE DIOCESES OF NIRANAM AND THUMPAMAN.
BORN AT MULANTHURUTHY. 15TH JUNE 1848.
ORDAINED CHOREPISCOPA. 17TH NOVEMBER 1865.
ADMITTED TO THE ORDER OF REMBAN. 7TH APRIL 1872.
CONSECRATED METROPOLITAN. 10TH DECEMBER 1876.
ENTERED INTO REST. 2ND NOVEMBER 1902.
HIS REMAINS LIE BURIED IN ST PETER'S CHURCH, PARUMALA.

editorial



Dipin Mathew

*Once again we come across the Memory of the Blessed Saint Geevarghese Mar Gregorios (Parumala Thirumeni) who passed away on 2nd Nov 1902 at the age of 54. He became the first declared Saint of the Orthodox Church.*

*During his earthly stay, many miracles have been testified to his credit. He drove away evil spirits, cured many with his powerful prayers and strong winds and rains were put on the hold.*

*Once when a photographer wanted to take his picture, to keep it in the records of the Travancore state manual, the lighting conditions were not so suitable. Realizing the photographers pitiful condition, Thirumeni prayed for a moment, raised the 'Sleeba' in his hand and made the sign of the cross. Within no time, the bright Sun was covered in a thin cloud, which provided an apt condition for the picture to be taken.*

*The cover page depicts a portrait drawn by the celebrated painter 'Raja Ravi Verma' of the Travancore Royal Family, post the saint's death, and is more than a century old. Even the British Museum authorities expressed their willingness to buy this painting.*

*Today, through the powerful intercession of the Blessed Saint, many thousands continue to receive blessings. I wish and pray that through his intercession, each and every household of our church be blessed by the Almighty God.*

***Parumala Thirumeni –Pray for Us***



Photo taken in early 1902, by a photographer named Decruz, for the TRAVANCORE STATE MANUAL as per the direction of Dewan Bahudur V Nagam Aiya to show the vestments of a Syrian Christian Metropolitan. This was the official publication of the erstwhile 'Government of Travancore' and was first published in 1906


MARIAN

Monthly News Bullettin
St. Mary's Indian Orthodox Cathedral
Kingdom Of Bahrain
**Nov-2011**



## Editorial Board

**Cheif Editor:** Siju John
**Editors:** Dipin Mathew
Joji George Mathew
Jobin Yohannankutty

**Photos:** Diju John Mavelikara
**Design:** Dipin Mathew



**പ്രിയമുള്ളവരേ,**

ബഹ്റൈൻ സെന്റ് മേരീസ് കത്തീഡ്രലിന്റെ ചരിത്രത്തിൽ എന്നും സ്ഥായിയായി നിലനിൽക്കുന്ന ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊ**ണ്ട്** ഒക്ടോബർ മാസം കടന്നുപോയി. സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പൊലീത്തയുമായ പ: ബസ്സേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ ബാവ തിരുമേനിക്ക് ഇടവക മെത്രാപ്പൊലീത്ത അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ വരവേൽപ്പ് നൽകുന്നതിനു സാധിച്ചു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ ഇടവകാംഗങ്ങളോടും ആദ്ധ്യാത്മിക സംഘടനകളോടുമുള്ള പ്രത്യേകമായ നന്ദിയും സ്നേഹവും ഒരിക്കൽകൂടി അറിയിച്ചുകൊള്ളട്ടെ.

**ഹാർവെസ്റ്റ് ഫെസ്റ്റിവൽ 2011**

ഈ വർഷത്തെ ഹാർവെസ്റ്റ് ഫെസ്റ്റിവൽ വളരെ അനുഗ്രഹ പ്രദായകമായി നടത്തുവാൻ സാധിച്ചതിനുള്ള സന്തോഷം നിങ്ങളേവരോടൊപ്പം പങ്കുവയ്ക്കുന്നു.

അത്യന്തം നിറഞ്ഞ സദസ്സോടു കൂടിയുള്ള ഒരു ഹാർവെസ്റ്റ് ഫെസ്റ്റിവൽ ഇതാദ്യമായാണ് കാണുവാൻ സാധിക്കുന്നത്. ഈ വർഷത്തെ ഹാർവെസ്റ്റ് ഫെസ്റ്റിവലിന്റെ നടത്തിപ്പിൽ അല്പമായും, അധികമായും സഹകരിച്ച് പ്രവർത്തിച്ച, സഹായങ്ങൾ നൽകിയ എല്ലാ ഇടവകാംഗങ്ങൾക്കുമുള്ള പ്രത്യേക നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇതിന് നേതൃത്വം നൽകിയ എല്ലാ ഇടവകാംഗങ്ങൾക്കുമുള്ള പ്രത്യേക സ്നേഹവും നന്ദിയും അറിയിക്കുന്നു. ഇതിന് നേതൃത്വം നൽകിയ ശ്രീ. ജോർജ്ജ് കുട്ടി, അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച, സെക്രട്ടറി, ജോയിന്റ് ജനറൽ കൺവീനേഴ്സ്, സബ് കമ്മറ്റി കൺവീനിയേഴ്സ്, എന്നിവരോടുള്ള പ്രത്യേക നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇതിന്റെ കൺവീനിയേഴസ് എല്ലാവരും തന്നെ വളരെയധികം കഷ്ടപ്പെടുകയും ഏറ്റെടുത്ത ദൗത്യം വളരെ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. ഇത് വളരെയധികം സന്തോഷത്തോടെ ഒരിക്കൽ കൂടി എടുത്തുപറയട്ടെ. ഈ ഐക്യവും, സ്നേഹവും, സമർപ്പണ ബോധവും വരും തലമുറയ്ക്കു ഒരു മാതൃകയാവട്ടെ എന്ന് ആശംസിക്കുകുയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**പ: പരുമല തിരുമേനിയുടെ ഓർമ്മ പെരുന്നാൾ**

പരിശുദ്ധനായ പരുമല തിരുമേനിയുടെ ഓർമ്മതിരുന്നാൾ നവംബർ മാസം 1, 2 തീയതികളിൽ ആചരിക്കുന്നു.1-ാം തീയതി വൈകീട്ട് സന്ധ്യാ നമസ്കാരം, ധ്യാനം തുടർന്ന് റാസ, ആശീർവാദവും. 2-ാം തീയതി വൈകീട്ട് സന്ധ്യാ നമസ്കാരം, തുടർന്ന് വി. കുർബ്ബാന മദ്ധ്യസ്ഥ പ്രാർത്ഥ, നേർച്ച എന്നിവയും **ഉണ്ടാ**യിരിക്കുന്നതാണ്.

**വിശുദ്ധനാട്ടിലേക്കുള്ള തീർത്ഥാടനം**

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചെടുത്തോളം തന്റെ ജീവിതത്തിൽ ഏറ്റവും ഭാഗ്യകരമായ ഒരു അവസ്ഥയാണ്. യേശു ക്രിസ്തു ജനിച്ച സ്ഥലം, ജീവിച്ച ഭവനം, രക്ഷണ്യ പ്രവർത്തനം ചെയ്ത സ്ഥലങ്ങൾ, ക്രൂശിക്കപ്പെട്ട സ്ഥലം, കബറടക്കിയ സ്ഥലം, സ്വർഗാരോഹണം ചെയ്ത സ്ഥലം ഇതൊക്കെ ജീവിതത്തിൽ നേരിട്ടു കാണുക എന്നുള്ളത്. ഭാഗ്യശാലികളായ എല്ലാ വിശുദ്ധനാടു തീർത്ഥാടകരേയും പ്രത്യേകം ആദരിക്കുന്നു.

## Teenagers Counselling

നവംബർ 5,6,7 തീയതികളിൽ ഇടവകയിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന കൗൺസിലിംഗ് ക്ലാസ്സുകളിൽ എല്ലാ കുട്ടികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ അടങ്ങിയ നോട്ടീസ് ലഭ്യമാണ്. നിങ്ങളുടെ പേരുകൾ രജിസ്ട്രർ ചെയ്യണമെന്നറിയിക്കുന്നു.

## Members Eligibility

പ്രിയമുള്ളവരെ, നമ്മുടെ കത്തീഡ്രലിന്റെ അടുത്തവർഷത്തെ കമ്മറ്റിയെ തിരഞ്ഞെടുക്കുന്നതിനുള്ള പൊതുയോഗം ഡിസംബർ ആദ്യവാരം തന്നെ നടത്തുന്നതിനാണ് ഇടവക മാനേജിങ് കമ്മിറ്റി ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രസ്തുത പൊതുയോഗത്തിൽ അംഗങ്ങളായിരിപ്പാൻ തക്കവണ്ണം നിങ്ങൾ ഓഫീസുമായി നേരത്തേ തന്നെ ബന്ധപ്പെട്ട് എന്തെങ്കിലും കുടിശ്ശികകൾ ഉള്ള പക്ഷം കൊടുത്ത് തീർത്ത് പൊതുയോഗത്തിൽ സംബന്ധിപ്പാൻ തക്കവണ്ണം യോഗ്യത നേടണമെന്ന് അറിയിച്ചുകൊള്ളട്ടെ.

പള്ളിക്ക് പടിഞ്ഞാറു വശത്തോടു ചേർന്നു കിടക്കുന്ന സ്ഥലം നമ്മുടെ പള്ളിയുടെ പേരിൽ എഴുതി ലഭിക്കുവാൻ ഏവരും നിത്യേനയുള്ള പ്രാർത്ഥനയിൽ ഓർത്തു പ്രാർത്ഥിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മിച്ചുകൊ**ണ്ട്**,

സ്നേഹപൂർവ്വം..

എബ്രഹാം ജോർജ്ജ്
(കത്തീഡ്രൽ സെക്രട്ടറി)

# “പരുമല തിരുമേനി മലങ്കരയുടെ കെടാവിളക്ക്

ഫാ. അലക്സാർ വട്ടയ്ക്കാട്ട്
(മാവേലിക്കര തെയോ ഭവൻ കാൺസിലിംങ്ങ് സെന്റർ
കോ-ഓർഡിനേറ്റർ)

വിശുദ്ധരിൽ നിർമലമായ കണ്ണാടിയിലെന്നപ്പോലെ ദൈവ തേജസ്സ് പ്രതിബിംബിക്കുന്നു. അങ്ങനെ അവർ ദൈവത്തിന്റെ കണ്ണാടിയാകുന്നു. പരുമല തിരുമേനിയുടെ ജീവിതം പഠിക്കുക ബോധനങ്ങൾ ഗ്രഹിക്കുക. തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം തേടുക, യേശുവിന്റെ സ്വയം ശൂന്യവത്കരണം അഥവാ വെറുമയാക്കൽ (Kenotic Christology) സ്വന്തജീവിതത്തിൽ പ്രായോഗികമാക്കിയ നിർമലമായ കണ്ണാടിയാണ് പരുമല തിരുമേനി. വിശുദ്ധി കലർപ്പില്ലാത്തതാണ്. വിശുദ്ധി സമ്പൂർണ്ണ ത്യാഗവും സമർപ്പണവുമാണ്. വിശുദ്ധി നൈർമല്ല്യമാണ്, പ്രകാശമാണ് ആത്മ ബലിയാണ് വിശുദ്ധിയുടെ ഉറവിടം ദൈവം. ക്രിസ്തുവിലും പരിശുദ്ധാത്മാവിലും കൂടി ദൈവത്തിൽ വസിക്കുന്നവരാണ് വിശുദ്ധർ.

പ്രാർത്ഥനാ, ഉപവാസം, മൗനവ്യതം, ന്നീ അടുപ്പു കല്ലിൻമേലാണ് ശരീരത്തിന്റേയും ആത്മാവിന്റേയും ശുദ്ധിയെന്ന ഹോമയാഗം പരുമല തിരുമേനി അർപ്പിച്ചത് പരുമല ഇന്നു നമ്മുടെ അഭയകേന്ദ്രമാണ്. പരിശുദ്ധപരുമല തിരുമേനി ഒരു തീർത്ഥാടകനായിരുന്നു. അദ്ദേഹത്തിന്റെ 1895ലെ ഊർശ്ലേം യാത്രാവിവരണം മലയാള സാഹിത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഞ്ചാരസാഹിത്യമാണ്. വേദപുസ്തക പ്രതിപത്തിയുടെ വെളിച്ചത്തിലാണ് യേശുദേവന്റെ പാദ സ്പർശമേറ്റ മണ്ണിലേക്കു പരുമല തിരുമേനി പോയത്.

സ്വജീവിതത്തെ നിർമ്മലീകരിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനുമുള്ള തിരുമേനിയുടെ തീർത്ഥാടനം, എല്ലാവരും ഊർശ്ലോം സന്ദർശിക്കണമെന്നു ആഹ്വാനം ചെയ്യുന്ന പരുമല തിരുമേനിയുടെ തീർത്ഥാടനം ഒരു പ്രാർത്ഥനയാണ്. കച്ചവടവൽക്കരിക്കപ്പെട്ട വിശുദ്ധ നാടുസന്ദർശനങ്ങളിൽ നിന്നും വ്യത്യസ്തമായ തീർത്ഥാടനം. ജീവിതമെന്ന തീർത്ഥാടനം തന്നെ ഒരു പ്രാർത്ഥനാ മന്ത്രമാക്കി മാറ്റണം. പരുമല തിരുമേനിയെപ്പോലെ നമ്മളും തീർത്ഥാടനം നടത്തുന്നു. യേശുനാഥന്റെ പാദസ്പർശനമേറ്റ മണ്ണിലൂടെയും  ജീവിതത്തിലൂടെയും നമ്മൾ സഞ്ചരിക്കാനാഗ്രഹിക്കുന്നു. എന്നാൽ നമുക്കു ദൈവസമർപ്പണമില്ല. ദൈവസന്നിധിയിലെത്താൻ വിശുദ്ധൻമ്മാർ നമ്മെ തുണയ്ക്കുന്നു. ചിന്തയും, വാക്കും, കർമ്മവും സമന്വയിപ്പിച്ച മഹാനായ  പിതാവാണ് പരുമല തിരുമേനി.

മേൽപ്പട്ടസ്ഥാനത്ത് അഭിഷിക്തനായ ശേഷം വെട്ടിക്കൽ ദയറായിലെത്തി നാൽപ്പതു ദിവസം നോമ്പും ഉപവാസവും അനുഷ്ഠിച്ച് ആത്മശുദ്ധിയും സഹനശക്തിയും വർദ്ധിപ്പിച്ച പരുമലതിരുമേനിയുടെ ചെറിയ  വാചകങ്ങളിലും വാക്കുകളിലും ഉൾക്കൊള്ളുന്ന വലിയ ദർശനം നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കുന്നവയാണ്.

- **“ദൈവത്തെ ഭയപ്പെടണം, സാത്താനെ ഭയപ്പെടരുത്. ശത്രുവിനെയും സ്നേഹിക്കണം. ബന്ധുക്കളെ ശത്രുക്കളാക്കരുത്. ദൈവത്തോട് ചോദിച്ചു നടക്ക; പിതാവിനോട് ചോദിക്ക; പിതാവു കൈവിട്ടാൽ ദൈവവും കൈവിടും”.**
- **“ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലതിലും ദൈവത്തെ ഓർത്തുപ്രവർത്തിക്കുക. അപ്പോൾ സകലതും ശുഭമായി ത്തീരും. ആത്മാവിനേക്കാൾ ശരീരത്തേയും ദൈവത്തേക്കൾ ദ്രവ്യത്തേയും സ്നേഹിക്കരുത്. ദൈവഭയമില്ലാത്തവരെ കൂട്ടുകാരാക്കരുത്. ”**
- **“മിടുക്കനാക ണ്ടാ; ഭോഷനാകുകയുമരുത്. ബലമറിഞ്ഞു നടക്കണം. ബുദ്ധി പഠിക്കണം. ബുദ്ധിമാൻ എന്നു വിചാരിക്കരുത്. മക്കൾക്കു വിദ്യ ഉണ്ടാക്കിക്കൊടുക്കുമെങ്കിൽ അതുമതി. എളിയവന്റെ നിലവിളി ദൈവം കേൾക്കും. വേല ചെയ്‌വാൻ മനസ്സില്ലാത്തവന് അപ്പം ഭക്ഷിപ്പാനും ദുർലഭം എന്നാണല്ലോ ശ്ലീഹാ പറഞ്ഞിരിക്കുന്നത്. മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളേക്കാൾ അവൻ വലിയവൻ എന്നോർക്കുക. കടം വാങ്ങിപ്പാൻ മടിപ്പിൻ. വാങ്ങിച്ചുപോയാൽ അതു വീട്ടുന്നതുവരെ ഉറങ്ങാതെ ജാഗരണപ്പെട്ടു കൊൾവിൻ.”**
- **“മരണം എല്ലാവർക്കും വാതുക്കൽതന്നെ നിൽക്കുന്നെവെന്നോർത്തു കൊള്ളണം. നമ്മുടെ കുടുംബത്തിലെ വൃദ്ധൻമാരും വൃദ്ധസ്ത്രീകളും ആയിരിക്കുന്ന കാരണവൻമാരെ പോഷിപ്പിക്കുന്നതും അവരെ സന്തോഷിപ്പിക്കുന്നതും നമുക്കു വലുതായ ഒരു നിക്ഷേപമാകുന്നു എന്നും ഓർക്കണം.”**
- **“നിങ്ങളുടെ സകല നടത്തങ്ങളിലും അനുസരണത്തെ പ്രാപിക്ക. തിരിച്ചറിഞ്ഞു നംയെ സ്നേഹിക്ക. തിംയെ തള്ളികളക. മടിയെ ദൂരെ എറിഞ്ഞു രാവിലും പകലിലും നല്ല വേലകൾക്കായി ഉത്സാഹിക്ക.”**

സുഗന്ധ ധൂപം വിശുദ്ധൻമ്മാരുടെ പ്രാർത്ഥനയോടൊപ്പം ദൈവസന്നിധിയിലേക്കുയരുന്നു (വെളിപാട് 8:4) എന്ന വാക്യം അർത്ഥവത്താക്കിത്തീർക്കുന്ന മലങ്കരയുടെ പരിമള ധൂപമാണ് പരുമല തിരുമേനി. ഡോക്ടർ സുകുമാർ അഴീക്കോടിന്റെ ഭാഷയിൽ “പരിമള തിരുമേനി” പൗരസ്ത്യ ഓർത്തഡോക്സ് അധ്യാത്മികതയുടെ ഉൽക്കാമ്പായ പരിമള തിരുമേനി പരിമള ധൂപവും കെടാവിളക്കുമായും ശോഭിക്കുന്നു. പരിമള ധൂപമായി തീരുവാൻ ബഹ്റൈൻ സെന്റ്മേരീസ് കത്തീഡ്രൽ ഇടവകയ്ക്കും, എല്ലാ ആത്മീയ കൂട്ടായ്മയക്കും സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

## മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ

ഇരുപതാം നൂറ്റാണ്ടിൽ "മലങ്കര ഓർത്തഡോക്സ് സഭയ്ക്കു തൻെറ സ്വന്തം ജീവിതത്തിലൂടെ യഥാർത്ഥ നേതൃത്വം എന്തെന്ന് പ്രാവർത്തികമാക്കി കാട്ടിക്കൊടുത്ത ആത്മീയ ജ്യോതിസ്സാ യിരുന്നു കാലം ചെയ്ത പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ. പ്രതിസന്ധികളിലും പ്രതിബന്ധങ്ങളിലും പ്രത്യാശഗോപുരങ്ങളായി വർത്തിച്ച് സഭാപിതാക്ക ന്മാരുടെ ഗണത്തിലേക്ക് സ്വന്തം പ്രകാശവുമായി കടന്നുവന്ന സഭയുടെ പൗരുഷമായിരുന്നു പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവ.

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടേയും ഒളശ്ശ പുളിക്കപ്പറമ്പിൽ മറിയാമ്മയുടെയും പുത്രനായി 1907 മാർച്ച് 27-ാം തീയതി ജനിച്ച അദ്ദേഹം തറവാടിന് സമീപമുള്ള എം.ഡി.സെമിനാരിയിലും, സി.എം.എസ്സ് കോളേജിലും വിദ്യാഭ്യാസത്തിൻെറ പ്രഥമഘട്ടം പൂർത്തീകരിച്ചു. ഒരു ഡോക്ടറാകണമെന്നാഗ്രഹിച്ച അദ്ദേഹം തിരുവനന്തപുരം മഹാരാജാസ്സ് കോളേജിൽ കെമിസ്ട്രി വിദ്യാർത്ഥിയായി ചേർന്നു. വിജയിച്ച ശേഷം മദ്രാസിൽ പോയി മെഡിക്കൽകോളേജ് പ്രവേശനത്തിനായുള്ള പരീക്ഷ എഴുതിയെങ്കിലും പാസ്സാകാതെ തിരികെ മടങ്ങി വന്ന അദ്ദേഹം, അക്കാലത്തെ പ്രശസ്ത സുറിയാനി പണ്ഡിതനായിരുന്ന ചെറിയ മഠത്തിൽ സ്കറിയാ കത്തനാരുടെ കീഴിൽ സുറിയാനി പഠനം നടത്തി. കൽക്കത്താ ബിഷപ്സ് കോളജിൽ ബി.ഡി.കോഴ്സ് ആരംഭിച്ച കാലഘട്ടമായിരുന്നു അത്. ഉത്സാഹശീലരും സമർത്ഥരുമായ കുട്ടികളെ അങ്ങോട്ടേക്കയക്കാൻ അധികൃതരിൽ നിന്നും അറിയിപ്പു കിട്ടിയ അവസരത്തിൽ പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയും പുത്തൻ കാവിൽ മാർ പീലക്സീനോസ് തിരുമേനിയും സഭയുടെ ഭാവിവിധാതാവിനെ ദർശിച്ചത് വട്ടക്കുന്നേൽ മാത്യൂസിലായിരുന്നു. അദ്ദേഹം 1942-ലെ സമുദായക്കേസിൽ പ. ഗീവറിഗീസ് ദ്വിതീയൻ ബാവയുടെ സഹായിയായി പ്രവർത്തിച്ചു. 37-ാം വയസ്സിൽ മലങ്കര സഭാമാനേജിംഗ് കമ്മിറ്റിയംഗമായി പ്രവർത്തിച്ച അദ്ദേഹത്തിന് 1945ൽ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് ശെമ്മാശ്ശ പട്ടവും 1947 ഒക്ടോബർ 27-ാം തീയതി വൈദികപട്ടവും പ. ഗീവറിഗീസ് ദ്വിതീയൻ ബാവാ നൽകുകയുണ്ടായി.

അറിവ് ശക്തിയാണെന്ന് വിശ്വസിച്ചിരുന്ന ഫാ. വി.കെ മാത്യൂസ് അറിവിൻെറ നൂതനമേഖലകളെ ആശ്ലേഷിക്കുവാൻ കിട്ടിയിരുന്ന അവസരങ്ങൾ പാഴാക്കിയിരുന്നില്ല. 1947-49 കാലഘട്ടത്തിൽ ചർച്ച് വീക്കിലിയിൽ പ്രസിദ്ധീകരിച്ചിരുന്ന പ്രതിവാര പ്രഭാഷണങ്ങളിലൂടെ അദ്ദേഹം ഏറ്റം ശ്രദ്ധേയനായി. പുതിയനിയമത്തിലേയും പഴയനിയമത്തിലേയും വേദഭാഗങ്ങളെ ആസ്പദമാക്കി 150ൽ പരം പ്രതിവാര പ്രഭാഷണങ്ങൾ പ്രസിദ്ധീകരിച്ചു.

1950ൽ ഓർത്തഡോക്സ് വൈദികസെമിനാരി പ്രിൻസിപ്പാളായി. 1951 സെപ്റ്റംബർ 21-ാം തീയതി റമ്പാൻ സ്ഥാനം ഏറ്റു. 1953 മെയ് 15ാം തീയതി മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ മെത്രാനായി. 1960ൽ മദ്രാസ്. ബോംബെ, ഡൽഹി, കൽക്കട്ട, അമേരിക്ക എന്നീ 5 ഭദ്രാസനങ്ങൾ ഉൾക്കൊള്ളുന്ന ബാഹ്യകേരള ഭദ്രാസനത്തിൻെറ ചുമതലയേറ്റു. മലങ്കരസഭ വർക്കിംഗ് കമ്മിറ്റി ഉപാദ്ധ്യക്ഷൻ, കാതോലിക്കേറ്റ് സ്കൂൾ ബോർഡ് പ്രസിഡൻറ്, എപ്പിസ്കോപ്പൽ കൗൺസിൽ അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. ചെറുപ്രായത്തിൽ തന്നെ ഓർത്തഡോക്സ് വിശ്വാസത്തിൻെറ വീറും വിശുദ്ധിയിൽ

Contd..........Page 11


Highest Gold Auction Caller of HF 2010


Inaugration of Sunday School Diary


Martha Mariam Samajam Elecution Competition Winner


Martha Mariam Samajam Elecution Competition Winner


Martha Mariam Samajam Elecution Competition Winner


Martha Mariam Samajam Elecution Competition Winner


Martha Mariam Samajam Elecution Competition Winner


Martha Mariam Samajam Elecution Competition Winner














St.Mary's
VIERA




St.Mary's Indian Orthodox Cathedral


St.Mary's Indian Orthodox Cathedral



St.Mary's Indian Orthodox Cathedral




St.Mary's Indian Orthodox Cathedral









# Reception to H.H.Bava Tirumeni on 7th Oct 2011 @ Indian School

MEMORABLE MOMENTS • MEMORABLE MOMENTS • MEMORABLE MOMENTS • MEMORABLE MOMENTS





Holy Land Pligrimage Team 2011

MEMORABLE MOMENTS • MEMORABLE MOMENTS • MEMORABLE MOMENTS • MEMORABLE MOMENTS

Contd. from......Page 6

സ്വാംശീകരിച്ചിരുന്ന മെത്രാപ്പോലീത്ത, കാതോലിക്കാബാവായുടെ അസിസ്റ്റൻറ് എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തുകൊണ്ട് പല സുധീരതീരുമാനങ്ങളും നിലപാടുകളും എടുത്തിരുന്നു. 1975 ഒക്ടോബർ 27ാം തീയതി പഴയ സെമിനാരിയിൽ വച്ച് കിഴക്കിൻെറ കാതോലിക്കയായി സ്ഥാനമേറ്റ തിരുമേനി തൻെറ പൂർവ്വികന്മാരുടെ കബ്ബറിടങ്ങൾ തീർത്ഥാടനകേന്ദ്രമാക്കി രൂപാന്തരപ്പെടുത്തി. ഏറെക്കുറെ അവഗണിക്കപ്പെട്ടിരുന്ന രണ്ടാം കാതോലിക്കായുടെ കബറിടം പുതുക്കി പണിയിക്കുകയും ഒരു പുണ്യഭൂമിയുടെ പദവിയും പ്രൗഢിയും അതിന് കൈവരുത്തുകയും ചെയ്തു. സഭാപിതാക്കന്മാരുടെ ഓർമ്മദിനം ഓർമ്മയിൽനിന്നും ഉപേക്ഷിക്കാതെ, കൃത്യ ദിവസത്തിലും കൃത്യസമയത്തിലും അവർക്കുവേണ്ടി വിശുദ്ധബലി അർപ്പിക്കുന്നതിലും ആത്മസംതൃപ്തി കണ്ടെത്തുന്ന ആത്മീയ ആചാര്യനായിരുന്നു അദ്ദേഹം. റഷ്യ, റുമേനിയ, അർമ്മീനിയ, ബൾഗേറിയ എന്നിവിടങ്ങളിലെ സഹോദരസഭകൾ സന്ദർശിക്കുകയും, റഷ്യൻ ഓർത്തഡോക്സ് സഭയിലെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് സെൻറ് വ്ലാഡിമർ, ലെനിൻ ഗ്രാഡ് യൂണിവേഴ്സിറ്റിയിലെ ഫെലോ സ്ഥാനവും നൽകി റഷ്യൻസഭ അദ്ദേഹത്തെ ആദരിച്ചു.

പ. ബാവായുടെ ഭരണകാലത്ത് ഭദ്രാസനങ്ങൾ പുനർവിഭജിക്കുകയും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് വർഷത്തിൽ രണ്ടു തവണ കൂടി വിലയിരുത്തലുകളും വിമർശനങ്ങളും വിശദീകരണങ്ങളും നടത്തി പുരോഗതിയുടെ വഴിയിലേക്ക് സഭയെ നയിക്കുന്ന ഒരു പാരമ്പര്യം സൃഷ്ടിക്കപ്പെട്ടു. സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ എല്ലാ പ്രശ്നങ്ങളും പ. സുന്നഹോദിസിൻെറ സൂക്ഷ്മ നിരീക്ഷണത്തിലും അന്വേഷണത്തിനും ശേഷമേ സഭാംഗങ്ങളുടെ മുൻപിലെത്താവൂ എന്ന ചിന്താഗതിയും പ. ബാവായുടെ സംഭാവനയാണ്. ബാവായുടെ കാലത്ത് തമിഴ്, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലേക്ക് നമ്മുടെ ആരാധനാക്രമം തർജ്ജമ ചെയ്യുവാൻ കമ്മിറ്റികളെ നിയോഗിച്ചു. ഇന്ന് നാം ഉപയോഗിക്കുന്ന ഇംഗ്ലീഷ് കുർബ്ബാന തക്സാ പ. ബാവാതിരുമേനി സുറിയാനിയിൽ നിന്നും നേരിട്ട് തർജ്ജമ ചെയ്തിട്ടുള്ളതാണ്.

കാതോലിക്കേറ്റിൻെറ ആസ്ഥാനത്തു നിന്നും സഭയുടെ അനുദിന പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് എന്ന ഒരു പ്രസിദ്ധീകരണവും മലങ്കര ഓർത്തഡോക്സ് പബ്ലിക്കേഷൻ എന്ന ഒരു ഔദ്യോഗിക പ്രസിദ്ധീകരണവും ആരംഭിച്ചു. സഭാക്കേസിൽ പ.ബാവാ നൽകിയിട്ടുള്ള മൊഴികൾ വളരെ വിലപ്പെട്ടതാണ്. മെത്രാപ്പോലീത്താ, കാതോലിക്കാ എന്നീ നിലകളിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രഭാഷണങ്ങൽ ഈടുറ്റവയാണ്. അദ്ദേഹം രചിച്ചിട്ടുള്ള വി.സഭ എന്ന ഗ്രന്ഥം, വി. കുർബ്ബാനക്രമം ഉൾക്കൊള്ളുന്ന ആരാധനാഗ്രന്ഥം എന്നിവ എടുത്തുപറയേണ്ട അമൂല്യഗ്രന്ഥങ്ങളാണ്.

സ്വസുഖത്തേക്കാളുപരി സഭയുടെ സുഖമാണ് വലുതെന്ന് വിശ്വസിച്ചിരുന്ന, അപ്രിയസത്യങ്ങളെ വെട്ടിത്തുറന്ന് സംസാരിച്ചിരുന്ന വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. ശത്രുവായിരുന്നാലും, മിത്രമായിരുന്നാലും ക്രിസ്തീയസ്നേഹത്തിൻെറ കുളിരുറ്റ അന്തരീക്ഷത്തിൽ സ്വീകരിക്കുന്ന, താനൊരു കീറാമുട്ടിയാണെന്ന് പലപ്പോഴും സ്വയം വിശേഷിപ്പിച്ചുകൊണ്ട് കാര്യസാദ്ധ്യത്തിനായി കാതലായ സഭാസത്യത്തെ ഒറ്റിക്കൊടുക്കുന്ന അധർമ്മ മാർഗ്ഗത്തിലൂടെ ലക്ഷ്യപ്രാപ്തിയിലേക്ക് നീങ്ങുന്ന ആധുനിക മനുഷ്യൻെറ അഭിശപ്ത സ്വഭാവത്തെ വെറുത്തിരുന്ന ഇരുപതാം നൂറ്റാണ്ടിൻെറ ദിവ്യജ്യോതിസ്സായിരുന്ന പരിശുദ്ധ ബാവാ തിരുമേനി 1996 നവംബർ മാസം 8–ാം തീയതി കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

# MARIAN KIDS




## CROSS WORD (Abraham)

**ACROSS**

06 First wife's original name
07 Abraham's original name
08 A daughter-in- law
12 First son
15 Land promised to Abraham's descendants
16 Second wife

**DOWN**

01 Wicked city destroyed by God
02 Wicked city destroyed by God
03 A grandson
04 First Wife
05 Wife's handmaiden
09 King of the Philistines
10 Second son
11 I will make of you a great _________
13 A grandson
14 A nephew




*Dear Sunday School Students,*
*Kindly send in your crossword answers to*
*marian@stmarybahrain.com*
*Names of those with the correct answers will be published in the upcoming Marian issues.*

### *Answers to Crossword (OCT)*

| *ACROSS* | | *DOWN* | |
|---|---|---|---|
| 03 | HEART | 01 | KEEPER |
| 04 | SWINE | 02 | GIVEN YOU |
| 06 | PLOWSHARES | 05 | LIGHT |
| 07 | PRIDE | 09 | SALT |
| 08 | HONEY | 10 | FEW |
| 09 | SET YOU FREE | 11 | GOD |
| 11 | GOODWILL | | |

### *Correct Answers to Crossword (Oct) mailed by*

Abel Alexander John,
Chris M Biju,
Justin M Biju,
Roshni Roy,
Riya Susan Jacob
Priya Ann Jacob,
Kevin Alex Laji,
Sheryl Rhea Varughese
Delvin Daniel Saju,
Justina Mariam,

സെന്റ് പോൾസ് സുവിശേഷ സംഘത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം നവംബർ 25നു വെള്ളിയാഴ്ച വൈകിട്ട് 6:00 മണി മുതൽ Indian Club Auditorium - ൽ വെച്ചു നടത്തപ്പെടുന്നു. Desert Voice (Saudi Arabia) അവതരിപ്പിക്കുന്ന ''അബിഗയിൽ" എന്ന കഥാപ്രസംഗവും, ''ദാഹിക്കുന്ന ചെങ്കോൽ" എന്ന ബൈബിൾ നാടകവും ഉണ്ടായിരിക്കുന്നതാണ്. ഏവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.

## ചരമം

അദില്യ ഉം അൽ ഹസ്സം ഏരിയായിൽ താമസിക്കുന്ന Mr. മാത്തുക്കുട്ടി പി ജോർജ്ജിന്റെ ഭാര്യാ പിതാവ് Mr. പി എം ജോഷ്വാ, (72 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കോന്നി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി.


ചർച്ച് ഏരിയ നോർത്തിൽ താമസിക്കുന്ന Mr. ഷാജി പി വർഗ്ഗീസിന്റെ ഭാര്യാ പിതാവ് Mr. ജീ ജോർജ്ജ്, (75 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കൊട്ടാരക്കര മാർ ബെസ്സേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

റിഫാ സിത്രാ ഏരിയായിൽ താമസിക്കുന്ന Mrs. സാറാമ്മ മാത്യുവിന്റെ ഭർത്ര്മാതാവ് Mrs. മേരി ജോർജ്ജ്, (72 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം മാടന്തമൺ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.


റിഫാ സിത്രാ ഏരിയായിൽ താമസിക്കുന്ന Mr. എം വി മാത്യുവിന്റെ ഭാര്യാ മാതാവ് പൊടിയമ്മ (65 വയസ്സ്) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം വാഴമുട്ടം കിഴക്ക് മാർ ബർസൗമ്മ ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

| Date | Time | Area | Address/ Venue |
|---|---|---|---|
| 04.11.2011<br>Friday | 4:30 P.M. | Riffa/ Sitra | Mr. Mathew M.V.<br>Airmech, Near Alba Round About<br>Mob: 39083796 |
| 04.11.2011<br>Friday | 6:00 P.M. | Church (South) | Mr. Biju Varghese<br>Mar Theophilous Hall,<br>St. Mary's Indian Orthodox Cathedral<br>Mob: 39916709 |
| 04.11.2011<br>Friday | 7:30 P.M. | Church (North) | Mr. George Oommen<br>Flat: 01, Bldg No: 671, Rd No: 1123,<br>Block: 311, Mob: 39687412 |
| 07.11.2011<br>Monday | 8:00 P.M. | Salmabad/ Isa Town | Mr. Saji Varghese<br>Flat No: 83, Bldg No: 12, Rd No: 903,<br>Block: 809, Isa Town, Mob:39296908 |
| 11.11.2011<br>Friday | 4:30 P.M. | Gafool/ Khamis | Mr. Blessan K. George<br>Flat : 21, Bldg No: 386, Road: 1210,<br>Block: 312, Near Al Maza Building<br>Mob: 39884658 |
| 11.11.2011<br>Friday | 6:00 P.M. | Gudaibiya | Mr. Beny George Panackamattom<br>Flat No:28, Bldg:1378 , Road: 2115,<br>Near Murubati Furniture Mob: 39106835 |
| 11.11.2011<br>Friday | 7:30 P.M. | American Mission | Mr. Johnson Varghese<br>Flat No: 22, Bldg No: 837, Rd: 723,<br>Block No: 307, Opp. Indian Club<br>Mob: 39933714 |
| 18.11.2011<br>Friday | 4:30 P.M. | Sugayya/ Zinj | Mr. Eapen Thomas<br>Bldg No: 348, Rd: 1013, Block: 301<br>Mob: 39140969 |
| 18.11.2011<br>Friday | 6:30 P.M. | Adilya/ Um Al Hassam | Mr. Raju P. K.<br>Villa: 601, Road: 4012 ,Juffair 304<br>Behind Elite-5; Mob:39698939 |
| 18.11.2011<br>Friday | 7:30 P.M. | Muharraq | Mr. George Joseph (Abu)<br>Near Hidd Lulu<br>Tel: 17234342 |
| 25.11.2011<br>Friday | 4:30 P.M. | Salmania | Mr. Baby Varghese Chandy<br>Flat: 21, Bldg No: 286, Road: 2904,<br>Block No: 329; Mob: 39159394 |
| 25.11.2011<br>Friday | 6:00 P.M. | Sh.Hamad/ Lulu Road | Mr. N. K. Cherian<br>Flat: 102, Bldg : 1072, Road No: 321,<br>Block No: 303; Al Nooh Building<br>Mob: 39874485, 17273310 |
| 25.11.2011<br>Friday | 7:30 P.M. | Manama | Mr. George Varghese (Jose)<br>Flat: 02, Bldg: 1951, Road No: 234,<br>Block No: 302; Mob: 39161399 |


# Favours Received




Biju & Bini
Athulya & Annora




Jiju Joy & Suja Paul



Deepthi Sarah Varghese
Diya Elsa Varghese



Robin Joseph John & Family



Robin. V. Alex & Family



Diji & Gigi
Hana & Joel

# FAVOURS RECEIVED



*Parumala Thirumeni-Pray for Us*

Daniel & family